**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4249** **28-06-2024 - ൽ മറുപടിയ്ക്ക്**

**ആന്തൂർ നഗരസഭയിലെ ലൈഫ് ഫ്ലാറ്റ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ആന്തൂർ നഗരസഭയിലെ ലൈഫ് ഫ്ലാറ്റ് നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ; | (എ) | ആന്തൂർ നഗരസഭയിൽ 4 നിലകളിലായി 44 യൂണിറ്റുകൾ അടങ്ങിയ ഭവനസമുച്ചയത്തിന്റെ അടിസ്ഥാന നിർമ്മാണം പൂർത്തീകരി ച്ചിട്ടുള്ളതും, കെട്ടിടത്തിന്റെ ഒന്നാം നിലയുടെ സ്ട്രക്ചറർ ജോലികൾ ഭാഗികമായി പൂർത്തീകരിച്ചി ട്ടുള്ളതുമാണ്. 09.11.2023 മുതൽ പ്രവൃത്തി കരാറുകാരൻ നിർത്തിവെച്ചി രിക്കുകയാണ്. |
| (ബി) | പ്രസ്തുത ലൈഫ് ഫ്ലാറ്റിന്റെ റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം നൽകുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ? | (ബി) | പ്രസ്തുത ലൈഫ് ഫ്ളാറ്റിന്റെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്ന കാര്യം നിലവിൽ പരിഗണനയിലില്ല. കോവിഡ്-19 കാലയളവിൽ ഇരുമ്പിന്റെ കമ്പോള വിലയിലുണ്ടായ വർദ്ധനവുകാരണം കരാർ ഉടമ്പടി പ്രകാരമുള്ള തുകയിൽ പൂർത്തീകരിക്കാൻ സാധിക്കുകയില്ലെന്നും ആയതിനാൽ കരാർ തുകയിൽ വർദ്ധനവ് നൽകണമെന്നും ആവശ്യപ്പെട്ട് കറാറുകാരനും ഇതേ ടെക്നോളജി ഉപയോഗിച്ച് നിർമ്മാണ കരാർ ഏറ്റെടുത്തിട്ടുള്ള മറ്റ് കരാറുകാരും അപേക്ഷ സമർപ്പിച്ചിരുന്നു. ഈ വിഷയം പരിശോധിക്കുന്നതിന് സർക്കാർ നിയോഗിച്ച സാങ്കേതിക സമിതിയുടെ ശുപാർശ സർക്കാർ പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ